©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

Dr. A.K.SHRIHARI.MA, Ph.D
District Labour Officer(HQ)
Labour Commissionerate
Thiruvananthapuram

Mw & Sweeping & cleaning

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LV / വാല്യം 55 | Thiruvananthapuram, Wednesday / തിരുവനന്തപുരം, ബുധൻ | 21st April 2010 / 2010 ഏപ്രിൽ 21 / 1st Vaisakha 1932 / 1932 വൈശാഖം 1 | No. / നമ്പർ 965

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 48/2010/LBR. *Dated, Thiruvananthapuram, 19th April, 2010.*

**S. R. O. No. 398/2010**.—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal published in notification No. 27730/E1/2007/LBR dated 30th September, 2009, published in the Kerala Gazette Extraordinary No. 1851 dated 7th October, 2009 as required under clause (b) of sub-section(1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix minimum rates of wages payable to the employees employed in sweeping and cleaning in the State of Kerala as specified in the schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

33/1614/2010/DTP.

## SCHEDULE

### 1. Basic wages

| *Sl. No.* | *Work* | *Area* | *Daily wages (for 8 hours work) (Rs.)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Sweeping and Cleaning | Working in the Municipalities/ Corporation areas | 150 |
| | | Other areas | 135 |
| 2 | Supervisory | Working in the Municipalities/ Corporation areas | 165 |
| | | Other areas | 150 |

### 2. Dearness Allowance

In addition to the basic wages, all employees are entitled to be paid Dearness Allowance calculated on the basis of the Consumer Price Index Number in respect of concerned District Headquarters centre published by the Department of Economics and Statistics, Government of Kerala for each month at the rate of 82 (eighty two) paise per point above 130 points in the new series i.e., 1998-99=100.

In the case of employees in Wayanad and Idukki Districts, the Dearness Allowance shall be calculated and paid on the basis of the Consumer Price Index Numbers published for Meppadi and Munnar centres respectively.

### 3. For work more than one hour but up to 8 hours

| | | *Total Wages (Rs.)* |
|---|---|---|
| (1) | Within one hour for Corporation and Municipality areas | 40 |
| | Other areas | 36 |
| (2) | For each hour exceeding one hour (up to 5 hours) | |
| | Corporation and Municipality areas | 30 |
| | Other areas | 26 |

( Workers are eligible for a day's wages (i.e., for 8 hours) for the work exceeding 5 hours up to 8 hours (wages includes basic wages as calculated at para 1 and Dearness Allowance at para 2 above).

4. The monthly rate in respect of those for whom daily rate is fixed may be calculated by multiplyng the daily rate by 26.

5. In the case of employees who are at present getting higher wages than the minimum wages fixed as per this notification they shall continue to enjoy such higher rates.

6. In case where minimum rates of wages have been fixed for the workers under the category 'sweeping and cleaning' in any industry/sheduled employment, such rates shall continue.

By order of the Governor,

C. K. VISWANATHAN,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government have decided to fix the minimum rates of wages payable to the employees employed in sweeping and cleaning in the State of Kerala after considering the objections and suggestions received on the Preliminary Notification No. 27730/E1/2007/LBR dated 30th September, 2009 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board.

This notification is indended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (എംഎസ്) നമ്പർ 48/2010/തൊഴിൽ. *തിരുവനന്തപുരം, 2010 ഏപ്രിൽ 19.*

**എസ്. ആർ. ഒ. നമ്പർ 398/2010.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 2009 ഒക്ടോബർ 7-ാം തീയതിയിലെ 1851-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 സെപ്റ്റംബർ 30-ാം തീയതിയിലെ 27730/ഇ1/07/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൽ മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7—ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചുകൊണ്ടും കേരള സംസ്ഥാനത്തെ തൂത്തുവൃത്തിയാക്കലും ശുചീകരണവും (Sweeping and Cleaning) ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

1. **അടിസ്ഥാനവേതനം**

| *ക്രമ നമ്പർ* | *ജോലി* | *പ്രദേശം* | *ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ)* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തൂത്തുവൃത്തിയാക്കലും ശുചീകരണവും | മുനിസിപ്പാലിറ്റി/നഗരസഭ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് | 150 |
| | | മറ്റുപ്രദേശങ്ങളിൽ | 135 |
| 2 | സൂപ്പർവൈസറി | മുനിസിപ്പാലിറ്റി/നഗരസഭ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് | 165 |
| | | മറ്റുപ്രദേശങ്ങളിൽ | 150 |

2. ക്ഷാമബത്ത

അടിസ്ഥാന വേതനത്തിനുപുറമേ, എല്ലാ തൊഴിലാളികൾക്കും കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ബന്ധപ്പെട്ട ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998–99=100 എന്ന പുതിയ ഉപഭോക്തൃ വിലസൂചികയുടെ 130 (നൂറ്റി മുപ്പത്) പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം 82 (എൺപത്തിരണ്ട്) പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

വയനാട്, ഇടുക്കി ജില്ലകളിലെ തൊഴിലാളികളുടെ സംഗതിയിൽ, യഥാക്രമം മേപ്പാടി, മൂന്നാർ കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കണക്കാക്കുകയും നൽകുകയും ചെയ്യേണ്ടതാണ്.

3. ഒരു മണിക്കൂറിൽ കൂടുതലും എന്നാൽ 8 മണിക്കൂർ വരെയുമുള്ള ജോലിക്ക്

| | *മൊത്ത വേതനം (രൂപ)* |
|---|---|
| (1) ഒരു മണിക്കൂറിനുള്ളിൽ | |
| മുനിസിപ്പാലിറ്റി/നഗരസഭ പ്രദേശങ്ങളിൽ | 40 |
| മറ്റു പ്രദേശങ്ങളിൽ | 36 |
| (2) തുടർന്നുള്ള ഓരോ മണിക്കൂർ ജോലിക്കും (5 മണിക്കൂർ വരെ) | |
| മുനിസിപ്പാലിറ്റി/നഗരസഭ പ്രദേശങ്ങളിൽ | 30 |
| മറ്റു പ്രദേശങ്ങളിൽ | 26 |

(3) 5 മണിക്കൂറിൽ കൂടുതലും എന്നാൽ 8 മണിക്കൂർ വരെയും ഉള്ള ജോലിക്ക് ഒരു ദിവസത്തേക്ക് (അതാതയത് 8 മണിക്കൂറിന്) നിശ്ചയിച്ച വേതനത്തിന് (1-ാം ഖണ്ഡികയിൽ കണക്കാക്കിയ പ്രകാരമുള്ള അടിസ്ഥാനവേതനവും മുകളിൽ 2-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ക്ഷാമബത്തയും വേതനത്തിൽ ഉൾപ്പെടുന്നതാണ്) തൊഴിലാളികൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

4. ദിവസവേതനം നിശ്ചയിച്ചിട്ടുള്ളവരെ സംബന്ധിച്ച് മാസവേതനം കണക്കാക്കേണ്ടത് ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ച് ആയിരിക്കണം.

5. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

6. ഏതെങ്കിലും വ്യവസായത്തിൽ/ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ "തൂത്തുവൃത്തിയാക്കലും ശുചീകരണവും" വിഭാഗത്തിലുള്ള തൊഴിലാളികൾക്കുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള നിരക്കുകൾ തുടരേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

കേരള സംസ്ഥാനത്തിൽ തൂത്തുവൃത്തിയാക്കലും ശുചീകരണവും ജോലികൾക്കായി നിയോഗിക്കപ്പെട്ട തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുന്നതിന് 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2009 സെപ്റ്റംബർ 30-ാം തീയതിയിലെ 27730/ഇ1/2007/തൊഴിൽ എന്ന നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷവും മിനിമം വേതന ഉപദേശകസമിതിയോട് കൂടിയാലോചിച്ചുകൊണ്ടും പ്രസ്തുത മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലിനിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.